'ഭരണഭാഷ-മാതൃഭാഷ'

തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മുതിർന്ന ഭരണകാര്യസ്ഥയുടെ നടപടി ഉത്തരവ്

ഹാജർ: ശ്രീമതി ഹേമപ്രഭ.ഡി

വിഷയം: പൊതുമരാമത്ത് വകുപ്പ്-ജീവനകാര്യം- റസ്റ്റ് ഹൗസ് മാനേജർ ഗ്രേഡ് II ആയുള്ള സ്ഥാനകയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് (പി)എ8/87/പി.ഡബ്ളിയു.ഡി തീയതി 28.08.'87
2. ചാത്തന്നൂർ റെസ്റ്റ് ഹൗസിലെ കെയർടേക്കർ ശ്രീ സുരേഷ്കുമാർ.എൻ-ന്റെ അപേക്ഷ.

ഉത്തരവ് നം.ഇഇ3/3370/2012 തീയതി 1.08.2017

പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരമുള്ള റസ്റ്റ് ഹൗസ് സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾ അനുസരിച്ച് മാനേജർ ഗ്രേഡ് II തസ്തികയിലേക്കുള്ള നിയമനം, റസ്റ്റ് ഹൗസ് കെയർ ടേക്കർ സീനിയോറിറ്റി ലിസ്റ്റിലെ മുൻഗണനാക്രമവും യോഗ്യതയും അനുസരിച്ചാണ്. ആയതിനാൽ സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയറായ ക്രമനമ്പർ (16) ശ്രീ.സുരേഷ്കുമാർ.എൻ-നെ (കെയർ ടേക്കർ, ചാത്തന്നൂർ റെസ്റ്റ് ഹൗസ്) മാനേജർ ഗ്രേഡ് II ആയി സ്ഥാനകയറ്റം നൽകി കായംകുളം റസ്റ്റ് ഹൗസിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

കായംകുളം റെസ്റ്റ് ഹൗസിലെ മാനേജർ ഗ്രേഡ് II ആയ ശ്രീ.ഷാഹുൽ ഹമീദ്.കെ യെ കൊല്ലം റസ്റ്റ് ഹൗസിലെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റി നൽകി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.സുരേഷ്കുമാർ.എൻ, മാനേജർ ഗ്രേഡ് II ആയി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 2 വർഷകാലത്തിനിടയിൽ ഒരു വർഷത്തെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുണ്ട്.

മേൽ സൂചിപ്പിച്ച സ്ഥാനക്കയറ്റം ആവശ്യമായി വരുന്ന പക്ഷം പുന:പരിശോധനയ്ക്കും റീവേർഷനും വിധേയമായിരിക്കും.

വിടുതൽ ചെയ്യുന്നതും പുതിയ ആഫീസിൽ ജോലിയിൽ പ്രവേശിക്കുന്നതും ബന്ധപ്പെട്ട ആഫീസർമാർ യഥാസമയം അറിയിക്കേണ്ടതാണ്.

മുതിർന്ന ഭരണ കാര്യസ്ഥ

വ്യക്തിക്ക്

പകർപ്പ്

എക്സി.എഞ്ചിനീയർ, കെട്ടിട വിഭാഗം, ആലപ്പുഴ

എക്സി. എഞ്ചിനീയർ, കെട്ടിട വിഭാഗം, കൊല്ലം.

എഫ്.സി.4-എൽ.കെ.